**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6297** **07.11.2016 ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷന ശേഷം വാഹനങ്ങളിൽ വരുത്തുന്ന ഘടനാപരമായ മാറ്റങ്ങൾ**

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുമ്പോൾ വാഹനം സംബന്ധിച്ച ഏതൊക്കെ പരിശോധനകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നതെന്ന് വിശദമാക്കുമോ; | (എ) | പുതിയ വാഹനങ്ങൾ രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ സമർപ്പിക്കുന്ന രേഖകളിൽ വാഹനത്തിന്റെ ചേസിസ് നമ്പരിലും, എഞ്ചിൻ നമ്പരിലും എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നുള്ള കാര്യം മോട്ടോർവാഹന വകുപ്പ് പരിശോധിക്കാറുണ്ട്. വാഹനത്തിന് നൽകിയിട്ടുള്ള approval certificate -ന് വിരുദ്ധമായി എന്തെങ്കിലും രൂപമാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. വേഗപ്പൂട്ട് ഘടിപ്പിക്കേണ്ട വാഹനമാണെങ്കിൽ ഘടിപ്പിച്ചിട്ടുണ്ടോ എന്നും ആയത് പ്രവർത്തനക്ഷമമാണോ എന്നും പരിശോധിക്കാറുണ്ട്. ഇതു കൂടാതെ നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായി എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള വാഹനപരിശോധനയും നടത്തുന്നുണ്ട്. |
| (ബി) | രജിസ്ട്രേഷന ശേഷം വാഹനങ്ങളുടെ രൂപഭാവങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിന് അനുമതി വാങ്ങേണ്ടതുണ്ടോ; വ്യക്തമാക്കുമോ; | (ബി) | രജിസ്ട്രേഷന് ശേഷം വാഹനങ്ങളുടെ രൂപഭാവങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നത് 1988—ലെ മോട്ടോർ വാഹന നിയമത്തിലെ 52--ാം വകുപ്പിന് വിരുദ്ധമാണ്. ഘടനാപരമായ മാറ്റങ്ങളല്ലെങ്കിൽ പോലും |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയുടെ /അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിയുടെ മുൻകൂർ അനുവാദം വാങ്ങിയതിനുശേഷം മാത്രമേ രൂപമാറ്റം വരുത്താവൂ. |
| (സി) | രജിസ്ട്രേഷനു ശേഷം ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്? | (സി) | ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ വാർഷികമായിട്ടുള്ള ഫിറ്റ്നസ് പരിശോധനയിൽ വാഹനത്തിൽ എന്തെങ്കിലും രൂപമാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. വാഹന പരിശോധന നടത്തുമ്പോൾ ട്രാൻസ്പോർട്ട് വാഹനങ്ങളിലും, നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളിലും എന്തെങ്കിലും രൂപമാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. കൂടാതെ രൂപമാറ്റം വരുത്തിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കി നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**